**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 871** **30-06-2022 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്ക വിഭാഗങ്ങളിലെ കുട്ടികൾക്കുള്ള പഠന സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്ക വിഭാഗങ്ങളിലെ കുട്ടികൾക്ക് സംസ്ഥാനത്തിന് പുറത്ത് പോയി പഠിക്കുന്നതിന് എന്തൊക്ക സഹായങ്ങളാണ് നൽകുന്നത്; ഓരോ വിഭാഗത്തിനും അനുവദിക്കുന്ന തുക ഇനം തിരിച്ച് വിശദമാക്കാമോ; | (എ) | സംസ്ഥാനത്തിന് പുറത്തുള്ള വിവിധ സർക്കാർ അംഗീകൃത പോസ്റ്റ് മെട്രിക് സ്ഥാപനങ്ങളിൽ അംഗീകൃത കോഴ്സുകൾക്ക് പഠിച്ചുവരുന്നതും, കുടുംബ വാർഷിക വരുമാനം രണ്ടര ലക്ഷം രൂപയിൽ താഴെയുള്ളതുമായ പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗം വിദ്യാർത്ഥികൾക്ക് കേന്ദ്ര സർക്കാർ മാർഗരേഖയിലെ നിർദ്ദേശങ്ങളനുസരിച്ച് സ്കോളർഷിപ്പ് അനുവദിച്ചുവരുന്നു. കൂടാതെ നാഷണൽ എൻടൻസ് പോലുള്ള പൊതുപ്രവേശന പരീക്ഷ വഴി സംസ്ഥാനത്തിന് പുറത്ത് വിവിധ യൂണിവേഴ്സിറ്റികൾ/കോളേജുകളിൽ മെറിറ്റ്/ റിസർവേഷൻ അടിസ്ഥാനത്തിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് വരുമാന പരിധിയില്ലാതെ സംസ്ഥാന സർക്കാർ സ്കോളർഷിപ്പ് അനുവദിച്ചുവരുന്നു. കോഴ്സിന്റെ ഫീസ് ഘടന അനുസരിച്ചാണ് തുക അനുവദിച്ച് നൽകുന്നത്. |
| (ബി) | പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്ക വിഭാഗങ്ങളിലെ കുട്ടികൾക്ക് രാജ്യത്തിന് പുറത്ത് പോയി പഠിക്കുന്നതിന് നൽകുന്ന സഹായങ്ങൾ എന്തൊക്കെയെന്ന് ഇനം തിരിച്ച് വിശദമാക്കാമോ; | (ബി) | പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് വിദേശ പഠനത്തിനായി ട്യൂഷൻ ഫീസ്, ലിവിംഗ് എക്സ്പെൻസ്, വിമാനയാത്രാ ചാർജ്ജ്, വിസ ചാർജ്ജ്, ഹെൽത്ത് ഇൻഷ്വറൻസ് ,തിരികെ ലഭ്യമല്ലാത്ത മറ്റ് ഫീസുകൾ, എന്നിവ ഉൾപ്പടെ പരമാവധി 25 ലക്ഷം രൂപ ഒറ്റത്തവണയായും, പട്ടികജാതി വിദ്യാർത്ഥികൾക്ക് 2 തവണയായും നൽകി വരുന്നു. പിന്നാക്ക വിഭാഗം വിദ്യാർത്ഥികൾക്ക് പരമാവധി 10 ലക്ഷം രൂപ വരെ ഘട്ടം ഘട്ടമായി അനുവദിച്ച് വരുന്നു |
| (സി) | ഓരോ വിഭാഗത്തിനും എത്ര തുക വീതമാണ് അനുവദിക്കുന്നത്; ഇത് വാർഷിക ഗ്രാന്റ് | (സി) | പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് വിദേശ പഠനത്തിനായി ട്യൂഷൻ ഫീസ്, ലിവിംഗ് |

| | | | |
|---|---|---|---|
| | ആയിട്ടാണോ അതോ ഒറ്റത്തവണയായിട്ടാണോ അനുവദിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ? | | എക്സ്പെൻസ്, വിമാനയാത്രാ ചാർജ്ജ്, വിസ ചാർജ്ജ്, ഹെൽത്ത് ഇൻഷുറൻസ് ,തിരികെ ലഭ്യമല്ലാത്ത മറ്റ് ഫീസുകൾ, എന്നിവ ഉൾപ്പടെ പരമാവധി 25 ലക്ഷം രൂപ ഒറ്റത്തവണയായും, പട്ടികജാതി വിദ്യാർത്ഥികൾക്ക് 2 തവണയായും നൽകി വരുന്നു. പിന്നാക്ക വിഭാഗം വിദ്യാർത്ഥികൾക്ക് പരമാവധി 10 ലക്ഷം രൂപ വരെ ഘട്ടം ഘട്ടമായി അനുവദിച്ച് വരുന്നു |

സെക്ഷൻ ഓഫീസർ